

# Jithin Jose Kalan CMI, Kenya

## പ്രകൃതിയുടെ പ്രണയിനി

അങ്ങനെയൊരു അവസരമുണ്ടായിരുന്നു. വിദ്യാവനത്തിൽ വിനീതച്ചനോടൊപ്പമായിരിക്കാൻ. കൃത്യമായി പറഞ്ഞാൽ സുമാറു ഒരു ഒന്നര മാസം. രണ്ടായിരത്തിയെട്ടിന്റെ ജൂൺ, ജൂലൈ മാസങ്ങളിലായിരുന്നു അത്. ഇന്നുമൊരു പ്രണയമുണ്ട് ആ ആശ്രമത്തോട്, മറ്റൊന്നുംകൊണ്ടല്ല, ആ പുണ്യഭൂമിയായിരുന്നു ഈയുള്ളോന് വായനയുടെ വിശാലലോകത്തേയ്ക്കുള്ള വാതായനങ്ങൾ മലർക്കെ തുറന്നിട്ടത്. കട്ടായമായിട്ടും നിങ്ങളുടെ ഉള്ളിൽ ഒരു ചോദ്യമുണ്ടെന്നറിയുന്നിപ്പോൾ, എന്താണു ആ ഇടത്തെ പവിത്രമാക്കുന്നത്? മരവും, മണലും, മണ്ണും കച്ചവടത്തിന്റെ കണ്ണിലൂടെ നോക്കിക്കാണുന്ന കാലഘട്ടത്തിൽ വിനീതെന്ന ആചാര്യൻ പ്രകൃതിയെ കുറെക്കൂടി ചേർത്ത് പിടിച്ചു എന്നുള്ളതാണ് ആ ആശ്രമ ആവൃതിയെ സുകൃത സുഗന്ധമുള്ളതാക്കുന്നത്. സമയമുണ്ടെങ്കിൽ വിദ്യാവനം എന്ന് ഗൂഗിൾ ചെയ്യണേ. ചിതൽപ്പുറ്റിനുമുകളിൽ കൈവിരിച്ചു പിടിച്ച ക്രിസ്തുവിന്റെ രൂപമായിരിക്കും നിങ്ങളുടെ സ്ക്രീനിൽ ആദ്യം തെളിയുക. ആശ്രമത്തിലെ കപ്പേളപള്ളിയാണ്. കുഞ്ഞൊരു പിന്നാമ്പുറമുണ്ടതിന്. ചിതൽ പുറ്റുകളുടെ അസ്കിതയുള്ള ആ മണ്ണിൽ ഒരു ദേവാലയത്തിനു രൂപംകൊടുക്കുമ്പോൾ ചിതൽ പുറ്റിന്റെ ചന്തമുണ്ടായിരിക്കണമെന്ന് ചിന്തിച്ച വിനീതെന്ന ഭിക്ഷാംദേഹിക്ക് പ്രകൃതിയോട് ഒടുങ്ങാത്ത പ്രണയമല്ലാതെ മറ്റെന്താണ്?

ഭൂമിയിൽ പിറന്നുവീഴുന്ന ഏതൊരു കുഞ്ഞിന്റെയും ചോദന വിക്ടർ ഫ്രാഗ്ളിന്റെ പുസ്തകത്തിന്റെ തലക്കെട്ടു കണക്കാണ്: "Man's Search for Meaning." മനുഷ്യൻ അയാളുടെ അർത്തവും ആഴവും തേടിയുള്ള നിരന്തര യാത്രയിലാണെന്ന ഏറ്റവും അറിവുള്ള ആചാര്യനായിരുന്നു വിനീതച്ചൻ. ഈ തീർത്ഥാടനത്തിന് ഏറ്റവും ഇണങ്ങിയ ഗൂഗിൾ മാപ് പ്രകൃതിയാണെന്നുള്ള വെട്ടം കിട്ടിയതുകൊണ്ടാണു ആ സന്യാസവര്യൻ വിദ്യാവനം എന്ന പേരു ആശ്രമത്തിനു കൊടുത്തത്. തൈത്തിരിയോപനിഷത്തിൽ നിന്ന് കടമെടുത്ത് കല്ലിൽ കൊത്തിയ "Let wisdom emerge from the woods" മന്ത്രം, ആശ്രമത്തിലേക്ക് 'അതിഥി ദേവോ ഭവ:' പറയുന്നതിന്റെ പൊരുൾ പിടുത്തം കിട്ടാൻ സഹായിക്കും. കിളികളുടെ കളകൂജനം, മണ്ണിന്റെ മണം, മരങ്ങളെ തഴുകിയെത്തുന്ന മന്ദമാരുതൻ, പുലരിമഞ്ഞ് പൊതിഞ്ഞ പുൽനാമ്പുകൾ... ഒരാളുടെ ആത്മീയതയിലേക്ക്, അറിവിലേക്ക് അർത്ഥങ്ങളിലേക്ക് ജ്ഞാനത്തിന്റെ കിരണങ്ങൾ വിതറുമെന്ന തന്റെ ബോധ്യം വിനീതെന്ന ജ്ഞാനവൃദ്ധനെ പ്രകൃതിയുടെ ഉന്മാദിയാ



ക്കി. ഒരിക്കൽ ഈ ജ്ഞാനവനത്തിൽ കാലുകുത്തിയവർ തീർച്ചയായും നൈസിലിനെ കൂട്ടുപിടിച്ച് BGMഉം DJയൊക്കെയിട്ടു പാടും വിദ്യാവനം എന്ന ആ പേര് ആശ്രമത്തിനും Perfect Okayയെന്ന്.

ഈ അടുത്ത നാളുകളിൽ (കൊറോണയ്ക്ക് മുമ്പ്) ഭക്ഷണവുമായി ബന്ധപ്പെട്ട ഒരു വിശേഷണമായിരുന്നു ഹോമിലി മീൽ. ഏതൊരിടത്തെയും വീടാക്കി മാറ്റുന്നത് അവിടെ വിളമ്പുന്ന ഭക്ഷണമാണെന്നാർക്കാണറിയാത്തത്. വെജിറ്റേറിയനാണു ആശ്രമത്തിലെ ഭക്ഷണരീതി. കുറെക്കുടി ജൈവമാകാൻ ആഹാരം പ്രകൃതി നിഷ്കർഷിച്ചിട്ടുള്ള സസ്യലതാദികളാണെന്ന ഇന്ത്യൻ വേദ ആത്മീയതയെ കടമെടുത്ത് വിനീതെന്ന പച്ചയായ മനുഷ്യൻ പിടിവാശിക്കാരനായതും പ്രകൃതിയോടുള്ള കറ തീർന്ന സ്നേഹമായിരുന്നു. ആശ്രമത്തിനൊരു പരസ്യമൊന്നുമല്ല എന്നാലും സത്യം പറയട്ടെ: അവിടെയുണ്ടായിരുന്ന ഒന്നരമാസക്കാലത്തോളം പച്ചക്കറി ഭക്ഷണമാണെന്നുപോലും അറിഞ്ഞിരുന്നില്ല എന്ന് ഞാനടക്കം കൂടെയുണ്ടായിരുന്ന പതിമൂന്നുപേരും പറയുമായിരുന്നു. മാത്യു കെല്ലിയാണ് അത് എഴുതിയത്: “We become the books we read.” വിനീതെന്ന കമ്മിറ്റഡും, ക്രിയേറ്റിവും, ക്രിട്ടിക്കലുമായ സ്വതന്ത്ര തത്വചിന്തകനറിയാമായിരുന്നു, ഒരാൾ ഭക്ഷിക്കുന്നത് അയാളായി മാറുമെന്ന്. ആശ്രമത്തിൽ വെജിറ്റേറിയൻ ഭക്ഷണം വിളമ്പുന്നതിൻെറ കാരണം തിരഞ്ഞപ്പോൾ വിനീതച്ചൻ പറഞ്ഞത്: “പച്ചക്കറി ഭക്ഷണം കുറേക്കൂടി മനുഷ്യനെ പ്രകൃതിയോടു ചേർത്തു നിറുത്തും. പതിയെ അയാൾ പ്രകൃതിയുടേതായ പ്രണയവും, പ്രാർത്ഥനയും, പ്രമാണങ്ങളും സ്വന്തമാക്കും.”



വാക്കുകൾക്കും, വികലമായ ചിന്തകൾക്കുമപ്പുറമാണു വിനീതെന്ന പ്രകൃതിയുടെ പ്രണയിനി. വിചിന്തനം കൊണ്ട്, വാക്കുകൊണ്ട്, വൃത്തികൊണ്ട് തൻേറതായ വ്യക്തിത്വം തെളിയിച്ച വിനീതച്ചൻ വിശുദ്ധനാകാതെ തരമില്ല. അല്ല പിന്നെ, പ്രകൃതിയെ പ്രണയിച്ചവരെ പ്രകൃതിയും പ്രണയിക്കും. അതിന് അത്ഭുത സൗഖ്യങ്ങളുടെ പെരുക്കപ്പെട്ടികയോ, ഡെവിൾസ് അഡ്വക്കേറ്റിൻെറ ശുപാർശയൊന്നും വേണ്ട. ആശ്രമത്തിൻെറ കപ്പേള പള്ളിയുടെ പടിവാതിലിലെ കല്ലിൽ കൊത്തിയ വാചകം കണക്കാണു പ്രകൃതിയെ ഭ്രാന്തമായി സ്നേഹിച്ച വിനീതെന്ന വൈദികാചാര്യൻ: “Revealed yet hidden in the cave, know him!” ആർദ്രമായ ആദരാജ്ഞലികളോടെ, ആ ആത്മാവിൻെറ മോക്ഷത്തിനുള്ള പ്രാർത്ഥനയോടെ...